നമ്പർ: എൻ.എസ് (4)/42704/2015/ഡിപിഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 02.06.2015

## വിജ്ഞാപനം

പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് എന്നറിയപ്പെട്ടിരുന്നതും, നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതുമായ ദ്വൈ വൽസര പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന കോഴ്സ് (2015-17) ലേക്കുള്ള പ്രവേശനത്തിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

അപേക്ഷകർ 45%-ൽ കുറയാതെ മാർക്കോടെ +2 അഥവാ തത്തുല്യപരീക്ഷ ജയിച്ചിരിക്കണം. ബിരുദ യോഗ്യതയുള്ളവർക്ക് മാർക്ക് പരിധി ബാധകമല്ല. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ യോഗ്യതാ പരീക്ഷ ജയിച്ചാൽ മതിയാകും. ഒ.ബി.സി വിഭാഗത്തിൽപ്പെടുന്നവർക്ക് 2% മാർക്ക് ഇളവ് ലഭിക്കുന്നതാണ്.

സംസ്ഥാന യുവജനോത്സവത്തിൽ സംഗീതം, നൃത്തം, നാടകം എന്നീ ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് 5% മാർക്ക് ഇളവും, സ്പോർട്സ്, ഗെയിംസ്, എൻ.സി.സി, സ്കൗട്ട് എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് വെയിറ്റേജ് മാർക്കും ലഭിക്കുന്നതാണ്.

പ്രായപരിധി 01/06/2015 ൽ 17 നും 33 നും മദ്ധ്യേയായിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്കും,ഒ.ബി.സിക്കാർക്കും നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്. എൻ.സി.ടി.ഇ നിശ്ചയിച്ചിട്ടുള്ള സീറ്റുകളിലേയ്ക്ക് മാത്രമാണ് അഡ്മിഷൻ നടത്തുന്നത്.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ അപേക്ഷകർ തിരുവനന്തപുരം ഗവൺമെന്റ് പ്രീ-പ്രൈമറി ഇൻസ്റ്റിറ്റ്യൂട്ടിലും, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലയിലെ അപേക്ഷകർ ആലപ്പുഴ ഗവൺമെന്റ് പി.പി.ടി.ടി.ഐ യിലും മറ്റ് ജില്ലകളിലെ അപേക്ഷകർ കോഴിക്കോട് ഗവൺമെന്റ് പി.പി.ടി.ടി.ഐ യിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷിക്കുന്നവരിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവർക്കുമാത്രമാണ് അഡ്മിഷൻ നൽകുന്നതെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പാക്കണം. ഇതിനായി അഡ്മിഷൻ നടത്തി ഒരു മാസത്തിനകം കുട്ടികളുടെ വിശദവിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റുമെന്റ് ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കി ഓരോ സ്ഥാപന മേധാവിയും അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച് അംഗീകാരം നേടിയിരിക്കണം.

മാനദണ്ഡങ്ങൾ പാലിക്കാതെ അഡ്മിഷൻ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ അംഗീകാരം റദ്ദുചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്രകാരം അംഗീകരിക്കുന്ന ലിസ്റ്റുകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരീക്ഷാഭവൻ സെക്രട്ടറിയ്ക്ക് മേലൊപ്പോടുകൂടി അയച്ചുകൊടുക്കേണ്ടതാണ്.

മേൽ പറഞ്ഞ എല്ലാ നിബന്ധനകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത പി.പി.ടി.ടി.ഐ കളിലും അപേക്ഷ നൽകാവുന്നതാണ്. വിജ്ഞാപനപ്രകാരമുള്ള കോഴ്സ് നടത്തുന്നതിന് അംഗീകാരമുള്ള സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. അപേക്ഷയുടെ മാതൃക പി.പി.ടി.ടി.ഐകളിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 25/06/2015 ന് മുമ്പ് ബന്ധപ്പെട്ട പി.പി.ടി.ടി.ഐകളിൽ ലഭിച്ചിരിക്കണം. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

വിജ്ഞാപനത്തിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവേശനം നടത്താത്ത പി.പി.ടി.ടി.ഐ യിലെ വിദ്യാർത്ഥികളെ പരീക്ഷാ ഭവൻ നടത്തുന്ന പൊതു പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

8/6/15

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിഡിഇ മുഖേന)
4. എല്ലാ സർക്കാർ പി.പി.ടി.ടി.ഐകൾക്കും.
5. എല്ലാ സർക്കാർ അംഗീകൃത പി.പി.ടി.ടി.ഐകൾക്കും.